<u>15 -ാം കേരള നിയമസഭ</u>

<u>14 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1153</u> <u>18-09-2025 - ൽ മറുപടിയ്ക്ക്</u>

<u>ജൽജീവൻ മിഷൻ പദ്ധതി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയ വിവിധ കുടിവെള്ള പദ്ധതികളുടെ നിർവ്വഹണം മുടങ്ങിയതിനാൽ കടുത്ത പ്രതിസന്ധിയുണ്ടായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; | (എ) | എല്ലാ ഗ്രാമീണ വീടുകളിലും ടാപ്പ് വഴി ശുദ്ധജലം ലഭ്യമാക്കുന്നതിനായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ജൽ ജീവൻ മിഷൻ (JJM). മിഷൻ കാലാവധി 2024 ആയി തുടക്കത്തിൽ നിശ്ചയിച്ചിരുന്നു. പിന്നീടത് 2025 വരെ ദീർപ്പിക്കുകയും, 2025-26 ലെ യൂണിയൻ ബഡ്ജറ്റിൽ കാലാവധി 2028 വരെ നീട്ടിയതായും പ്രഖ്യാപിച്ചിട്ടുണ്ട്.<br><br>വിവിധ സ്കീമുകളിലായി 5546 വർക്ക് പാക്കേജുകളിലായി നടപ്പിലാക്കി വരുന്ന പ്രവൃത്തികളിൽ 3214 പ്രവൃത്തികൾ നിലവിൽ പൂർത്തിയാക്കി കഴിഞ്ഞു. 1770 പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു. ബാക്കി പ്രവൃത്തികൾ ടെൻഡർ നടപടികൾ പുരോഗമിച്ചു വരുന്നു.<br><br>ഇത് വരെ 5610.30 കോടി രൂപ കേന്ദ്ര വിഹിതമായും 6033.29 കോടി രൂപ സംസ്ഥാന വിഹിതമായും ലഭിച്ചിട്ടുണ്ട്. (ആകെ 11643.59 കോടി രൂപ). തുക മുഴുവൻ ചെലവഴിച്ചിട്ടുണ്ട്.<br><br>2025-26 സാമ്പത്തിക വർഷം ഇതു വരെ കേന്ദ്ര വിഹിതം ലഭ്യമായിട്ടില്ല. ഫണ്ടിന്റെ അഭാവം പദ്ധതിയുടെ പുരോഗതിയെ നിലവിൽ ബാധിച്ചിട്ടുണ്ട്. ഇതു തരണം ചെയ്യാനായി കേരള വാട്ടർ അതോറിറ്റിയ്ക്ക് നബാർഡിൽ നിന്നും 9000 കോടി രൂപ വായ്പ എടുക്കുവാൻ തത്വത്തിൽ അനുമതി നൽകിക്കൊണ്ടും ആദ്യഘട്ടത്തിൽ 5000 കോടി രൂപ വായ്പ എടുക്കുന്നതിന് സർക്കാർ ഗ്യാരന്റി നൽകുന്നതിന് അനുമതി നൽകിക്കൊണ്ടും 15/09/2025-ലെ G.O.(Ms)No.67/2025/WRD നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | എത്ര പദ്ധതികളാണ് ഇപ്രകാരം മുടങ്ങിയിട്ടുള്ളതെന്നും അവയുടെ പേരും കാരണവും കാണിച്ച പട്ടികയോടൊപ്പം വ്യക്തമാക്കുമോ; | (ബി) | വിവിധ സ്കീമുകളിലായി 5546 വർക്ക് പാക്കേജുകളിലായി നടപ്പിലാക്കി വരുന്ന പ്രവൃത്തികളിൽ 3214 പ്രവൃത്തികൾ നിലവിൽ പൂർത്തിയാക്കി കഴിഞ്ഞു. 1770 പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ച് വരുന്നു. ബാക്കി പ്രവൃത്തികൾ ടെൻഡർ നടപടികൾ പുരോഗമിച്ച് വരുന്നു. കേന്ദ്ര സർക്കാരിന്റെ 24 ജൂൺ 2024 തിയ്യതിയിലെ W-11045/2/2024-JJM-II-DDWS നമ്പർ കത്ത് പ്രകാരം 16 ഓഗസ്റ്റ് 2024 തിയതിക്ക് ശേഷം പുതിയ വർക്കുകൾ അവാർഡ് ചെയ്യാൻ പാടില്ല എന്ന് അറിയിച്ചിട്ടുണ്ട്. ഇത് പ്രകാരം ടെൻഡർ ചെയ്തിട്ട് വർക്ക് ഓർഡർ കൊടുക്കാൻ സാധിക്കാത്ത വർക്കുകളുടെ ജില്ലാ തിരിച്ചുള്ള പട്ടിക **<u>അനുബന്ധം 1</u>** ആയി ചേർക്കുന്നു |
| (സി) | ടെൻഡർ നടപടികൾ പൂർത്തീകരിച്ച പദ്ധതികൾക്ക് കേന്ദ്ര അനുമതി വൈകുന്നതിനാൽ ലെറ്റർ ഓഫ് അക്സപ്റ്റൻസ് നൽകുവാൻ സാധിക്കാതെ വരുന്നത് പ്രതിസന്ധി സൃഷ്ടിക്കുന്ന സാഹചര്യത്തിൽ, കേന്ദ്ര അനുമതി ലഭ്യമാക്കുന്നതിന് അടിയന്തര ഇടപെടൽ നടത്തുമോ; വ്യക്തമാക്കുമോ ; | (സി) | 16/08/2024 ന ശേഷം വർക്കുകൾ അവാർഡ് ചെയ്യുന്നതിനുള്ള കേന്ദ്രസർക്കാരിന്റെ അനുമതിക്കായി 03/07/2025, 29/10/2024, 28/03/2025 തീയ്യതികളിൽ കത്തുകൾ നൽകിയിട്ടുണ്ട്. |
| (ഡി) | കേന്ദ്ര അനുമതിക്കായി കാത്തുനിൽക്കാതെ നിലവിൽ ടെൻഡർ ചെയ്ത ജോലികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് മുൻകൈയെടുക്കുമോ; വിശദാംശം വ്യക്തമാക്കുമോ? | (ഡി) | ജൽജീവൻ മിഷൻ പ്രവർത്തനങ്ങൾ കേന്ദ്ര-സംസ്ഥാന സർക്കാരുടെ പങ്കാളിത്തത്തോടു കൂടിയാണ് നടപ്പിലാക്കുന്നത്. പദ്ധതി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ 50:50 എന്ന അനുപാതത്തിലാണ് നടപ്പിലാക്കുന്നത്. നിലവിൽ ടെൻഡർ ചെയ്ത പ്രവൃത്തികൾ അവാർഡ് ചെയ്യാനായി കേന്ദ്ര സർക്കാരിന്റെ അനുമതി ആവശ്യമാണ്. അല്ലാത്ത പക്ഷം ഈ പ്രവൃത്തികൾക്ക് കേന്ദ്ര വിഹിതം ലഭ്യമാകുകയില്ല. ആയതിനാൽ അനുമതി ലഭിക്കുന്ന മുറക്ക് പ്രവൃത്തികൾ അവാർഡ് ചെയ്ത് സമയബന്ധിതമായി പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം 1**

**ടെൻഡർ നടപടികൾ പൂർത്തിയാക്കി വർക്ക് ഓർഡർ കൊടുക്കാൻ സാധിക്കാത്ത പ്രവർത്തികളുടെ ജില്ലാ തിരിച്ചുള്ള പട്ടിക**

| Sl. No | District | Assembly constituency | No. of work | APAC (in Lakhs) |
|---|---|---|---|---|
| 1 | Alappuzha | Harippad | 1 | 3542.38 |
| 2 | | Mavelikkara | 1 | 552.73 |
| 3 | Ernakulam | Aluva | 1 | 3445.13 |
| 4 | | Kunnathunad | 1 | 763.01 |
| 5 | | Perumbavoor | 2 | 156.42 |
| 6 | | Piravom | 1 | 1751.53 |
| 7 | Idukki | Devikulam | 2 | 480.55 |
| 8 | | Idukki | 2 | 1885.65 |
| 9 | | Thodupuzha | 2 | 251.66 |
| 10 | | Udumbanchola | 1 | 3925.71 |
| 11 | Kollam | Karunagappally | 1 | 261.65 |
| 12 | | Kottarakkara | 2 | 949.97 |
| 13 | | Kundara | 1 | 69.12 |
| 14 | | Kunnathoor | 1 | 201.58 |
| 15 | | Pathanapuram | 2 | 33.94 |
| 16 | Kottayam | Ettumanoor | 2 | 1158.61 |
| 17 | | Puthupally | 5 | 410.46 |
| 18 | Malappuram | Ernad | 1 | 54.43 |
| 19 | | Kottakkal | 1 | 132.12 |
| 20 | | Mankada | 2 | 114.47 |
| 21 | | Tanur | 2 | 4654.39 |
| 22 | | Vengara | 2 | 129.43 |
| 23 | Palakkad | Alathur | 1 | 236.58 |
| 24 | | Kongad | 7 | 2064.30 |
| 25 | | Malampuzha | 6 | 2315.12 |
| 26 | | Mannarkkad | 2 | 413.54 |
| 27 | | Palakkad | 1 | 211.48 |
| 28 | | Pattambi | 3 | 650.28 |
| 29 | | Shoranur | 3 | 281.98 |
| 30 | | Tharur | 1 | 409.04 |
| 31 | Pathanamthitta | Aranmula | 1 | 1333.63 |
| 32 | Thiruvananthapuram | Aruvikkara | 4 | 983.39 |
| 33 | | Attingal | 1 | 1388.55 |
| 34 | | chirayinkeezhu | 1 | 13.52 |
| 35 | | Parassala | 2 | 122.00 |
| 36 | | Vamanapuram | 3 | 263.28 |
| 37 | | Varkala | 1 | 80.00 |
| 38 | Thrissur | Guruvayur | 1 | 92.88 |
| 39 | | Kodungallur | 1 | 228.58 |
| 40 | | Kunnamkulam | 1 | 81.72 |
| | | **Grand Total** | **76** | **36094.81** |